## ശ്രദ്ധക്ഷണിക്കൽ

### നെൽവയലുകൾ സംരക്ഷിക്കൽ

ശ്രീ. സി. കെ. നാണു : സർ, കഴിഞ്ഞ 15 വർഷത്തിനിടയ്ക്ക് കേരളത്തിലെ നെൽവയലുകൾ പകുതിയിലധികം കുറഞ്ഞിരിക്കുകയാണ്. കേരളം അനുഭവിക്കുന്ന വളരെ ഗുരുതരമായ ഈ പ്രശ്നം ബഹുമാനപ്പെട്ട ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതിനാണ് ഈ ശ്രദ്ധക്ഷണിക്കൽ അവതരിപ്പിക്കുന്നത്. . കഴിഞ്ഞ ദിവസം റവന്യൂ വകുപ്പുമന്ത്രി സംസ്ഥാനത്തെ വിവിധ ജില്ലകളിൽ വയൽ നികത്തുന്നതിനെതിരായി കേസ്സുകൾ എടുത്തത് സംബന്ധിച്ച് പറയുകയുണ്ടായി. പക്ഷേ ഇപ്പോൾ കേരളത്തിലെ എല്ലാ ജില്ലകളിലും രാവിലെ മുതൽ പാതിരാത്രിവരെ 24 മണിക്കൂറും വയൽ നികത്തിക്കൊണ്ടിരിക്കുകയാണ്. 15 കൊല്ലത്തിനിടയ്ക്ക് കൂടുതൽ വ്യാപകമായ രൂപത്തിൽ വയൽ നികത്തിക്കൊണ്ടിരിക്കുകയാണ്. അങ്ങനെ കുറച്ച് നാൾ കഴിയുമ്പോൾ കേരളത്തിൽ നികത്താൻ വയൽ ഇല്ലാത്ത അവസ്ഥയുണ്ടാകും. ഇത് അനുവദിക്കാൻ പാടുണ്ടോ? ഇവിടെ നടക്കുന്ന ചർച്ചകൾ ഒന്നുമല്ല. താലൂക്ക് സഭകളിൽ എം.എൽ.എ. മാർ പങ്കെടുക്കുമ്പോൾ ഓരോ പഞ്ചായത്ത് പ്രസിഡന്റുമാർക്കും താലൂക്ക് സഭയുടെ മുമ്പാകെ വിശദീകരിക്കാനുള്ളത്, അവരുടെ പഞ്ചായത്തുകളിൽ വ്യാപകമായ തോതിൽ വയൽ നികത്തിക്കൊണ്ടിരിക്കുന്നതിനെക്കുറിച്ചും അതുമൂലമുള്ള അപകടങ്ങളെ സംബന്ധിച്ചുമാണ്. തഹസീൽദാറും ഉദ്യോഗസ്ഥരും വിചാരിച്ചാലൊന്നും പരിഹാരം കാണാൻ കഴിയാത്ത അവസ്ഥയാണുള്ളത്. വയൽ നികത്തുന്നത് വേറെ

കൃഷിക്കുവേണ്ടിയല്ല. കൃഷി ചെയ്താലും വേണ്ടത്ര വരുമാനം ലഭിക്കാത്തിന്റെ പേരിൽ കൃഷി ചെയ്യാതെ കിടക്കുന്ന വയലുകൾ കാശുള്ളവർ കൈവശപ്പെടുത്തുന്നു.. അങ്ങനെ കേരളത്തിന്റെ പല ഭാഗത്തും, ഹെക്ടർ കണക്കിന് വയലുകൾ നികത്തിയത് വെറുതെ കിടക്കുന്നു. ഇത് പരിഹാരിക്കാൻ നമുക്ക് എന്ത് ചെയ്യാൻ കഴിയും? കേന്ദ്ര ഗവൺമെന്റിന്റെ പുതിയ ബില്ലിനെക്കുറിച്ച് ഇവിടെ ചർച്ച ചെയ്തു. ദേശീയ ഭക്ഷ്യസുരക്ഷ വിജയിക്കണമെങ്കിൽ ഭക്ഷ്യോൽപ്പാദന രംഗത്ത് നാം ഇനിയും മുന്നോട്ട് പോകേണ്ടതുണ്ടെന്ന് ഇൻഡ്യാ ഗവൺമെന്റിന്റെ ഭക്ഷ്യകാര്യവകുപ്പുമന്ത്രി പറയുകയുണ്ടായി. ഇപ്രാവശ്യം ഭക്ഷ്യോൽപ്പാദനം കുറച്ച് വർദ്ധിച്ചിട്ടുണ്ടെങ്കിലും അത് ഗൗരവമായി എടുക്കേണ്ടതില്ലെന്നും അതുകൊണ്ട് കേരളവും അടിയന്തരമായി ഭക്ഷ്യോൽപ്പാദനം വർദ്ധിപ്പിക്കണമെന്നാണ് മലയാളിയായ കേന്ദ്ര ഭക്ഷ്യകാര്യ വകുപ്പുമന്ത്രി പ്രൊഫ. കെ.വി. തോമസടക്കമുള്ളവരുടെ ആവശ്യം. കേരളത്തിന്റെ നെൽവയലുകൾ സംരക്ഷിക്കാനും ഭക്ഷ്യോൽപ്പാദനം വർദ്ധിപ്പിക്കാനും സഹായകരമായ നിലപാട് നാം സ്വീകരിക്കുന്നുണ്ടോ എന്നാണ് എനിക്ക് ഗവൺമെന്റിനോട് ചോദിക്കാനുള്ളത്. ഇൻഡ്യാ ഗവൺമെന്റിന്റെ ദേശീയ ഭക്ഷ്യ സുരക്ഷാ ബില്ലുമായി ബന്ധപ്പെട്ട ചർച്ച വന്നപ്പോൾ പ്രധാനമായും യൂണിസെഫ് പറഞ്ഞത് 20 ശതമാനം ഇൻഡ്യാക്കാർ (24 കോടി ആളുകൾ) നമ്മുടെ നാട്ടിൽ സ്ഥിരമായി പട്ടിണിക്കാരാണെന്നാണ്. 3 വയസ്സു വരെയുള്ള കുട്ടികളിൽ പകുതി പേരും തൂക്കക്കുറവുള്ളവരാണെന്നും കുറച്ചുകൂടി കഴിയുമ്പോൾ അവർക്ക് വലിപ്പക്കുറവുണ്ടാകുമെന്നും അതിൽ 16 ശത

മാനം പേർ ഒന്നിനും കൊള്ളാത്തവരായി മാറിക്കൊണ്ടിരിക്കുകയുമാണെന്നാണ്. കേരളത്തിൽ പൊതുവെ നെല്ലിന്റെ ഉദ്പ്പാദനം കുറവാണെങ്കിലും പാലക്കാട്, ഇടുക്കി, ആലപ്പുഴ, തൃശ്ശൂർ തുടങ്ങിയ പല ഭാഗങ്ങളിലും നെൽക്കൃഷി കൂടുതൽ വർദ്ധിപ്പിക്കാൻ സഹായകരമായ സാഹചര്യങ്ങളുണ്ട്. ഭക്ഷ്യോൽപ്പാദനം കുറഞ്ഞിരിക്കുന്ന പല സംസ്ഥാനങ്ങളും പ്രധാനപ്പെട്ട കേന്ദ്രങ്ങളിൽ ശ്രദ്ധിച്ചാൽ കൂടുതൽ ഭക്ഷ്യോൽപ്പാദനം ഉണ്ടാക്കിയെടുക്കാൻ സാധിക്കുമെന്നാണ് ഇൻഡ്യാ ഗവൺമെന്റിന്റെ വിലയിരുത്തൽ. അങ്ങനെയുള്ള ഒരു സാഹചര്യം ഉള്ളപ്പോൾ നമ്മുടെ കൈവശമുള്ള ഭൂമി നഷ്ടപ്പെടുത്തുന്ന രൂപത്തിലുള്ള നിലപാട് സംസ്ഥാന ഗവൺമെന്റിന് സ്വീകരിക്കാൻ സാധിക്കുമോ?

<u>മി. സ്പീക്കർ</u>: യെസ്........ഇത് അടിയന്തര പ്രമേയത്തിലൊക്കെ വന്നതാണ്.

<u>ശ്രീ. സി. കെ. നാണു</u> : സർ, ഇതാണ് കേരളത്തെ സംബന്ധിച്ചിടത്തോളം ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം. ഭക്ഷ്യസുരക്ഷയൊക്കെ പറഞ്ഞിട്ട് നമ്മുടെ സംസ്ഥാനത്തിന് ഇൻഡ്യയ്ക്ക് പുറത്തുനിന്നും ഭക്ഷണം ലഭിക്കാനുള്ള സാദ്ധ്യതയില്ല. ഇൻഡ്യ ഭക്ഷ്യധാന്യങ്ങൾ ഇറക്കുമതി ചെയ്യുമെങ്കിൽ അതിന്റെ പ്രത്യാഘാതം ചെറുതും വലുതുമായ വികസ്വര രാജ്യങ്ങൾക്ക് ഉണ്ടാകും, അവർ കഷ്ടപ്പെടുമെന്നതിന്റെ അടിസ്ഥാനത്തിലുള്ള വിലയിരുത്തലുകൾ നടത്തിക്കൊണ്ടിരിക്കുകയാണ്. അത്തരം അവസരത്തിൽ കേരളം പോലുള്ള സംസ്ഥാനത്ത് കൃഷിക്കുവേണ്ടിയുള്ള ഭൂമി നഷ്ടപ്പെടുത്തുന്ന രൂപത്തിലുള്ള സാഹചര്യങ്ങൾ എന്തിന്റെ അടിസ്ഥാന

ത്തിൽ നമ്മൾ ഉണ്ടാക്കുന്നു? വെറുതേ കാര്യങ്ങൾ പറഞ്ഞിട്ട് ഫലമില്ല. ഏതുഭാഗത്തുപോയാലും 24 മണിക്കൂറും വാഹനങ്ങളാണ്. വലിയ കുന്നുകളൊക്കെ നിരത്തിക്കൊണ്ടിരിക്കുകയാണ്. അങ്ങനെയായാൽ കേരളത്തിന് ആരോഗ്യപരമായി നിലനിൽക്കാൻ സാധിക്കുമോ? ഭക്ഷണം മാത്രം കൊടുത്താൽ പോര, ശുദ്ധമായ കുടിവെള്ളവും ലഭിക്കണം. കുട്ടികൾക്ക് പോഷകാഹാരം അടങ്ങിയ ഭക്ഷണം ലഭിക്കണം. ഇതൊന്നും ലഭ്യമല്ലാത്ത അവസ്ഥയിൽ ഡയേറിയ പോലുള്ള അസുഖങ്ങളിൽ നിന്ന് അവർക്ക് രക്ഷപ്പെടാൻ സാധിക്കുമോ? നമ്മുടെ നെൽവയലുകൾ സംരക്ഷിക്കാൻ നെൽക്കൃഷിക്കാവശ്യമായ കനാലുകൾ മെച്ചപ്പെട്ട നിലയിൽ നടത്താൻ, നല്ല നിലയിൽ ഭക്ഷണം കൊടുക്കാൻ സാധിക്കുന്ന ഒരു സംവിധാനം ഇല്ലെങ്കിൽ ദേശീയ സുരക്ഷയെക്കുറിച്ച് പറഞ്ഞിട്ട് കാര്യമില്ല. സഭയിലെ അംഗങ്ങളെ മാത്രമല്ല, രാഷ്ട്രീയ പ്രസ്ഥാനങ്ങളേയും സാമൂഹ്യപ്രവർത്തകരേയും കർഷക തൊഴിലാളി സംഘടനകളേയുമെല്ലാം സംഘടിപ്പിച്ചുകൊണ്ട് നമ്മുടെ പഞ്ചായത്തുകളും ബ്ലോക്ക് പഞ്ചായത്തുകളും നമ്മുടെ നെൽവയലുകൾ എങ്ങനെ സംരക്ഷിക്കാൻ സാധിക്കുമെന്നത് സംബന്ധിച്ച് വ്യക്തമായ നിലപാട് സ്വീകരിച്ച് മുന്നോട്ടുപോയാൽ നമുക്ക് കേരളത്തെ രക്ഷിക്കാൻ സാധിക്കും. ഗവൺമെന്റ് ആ രൂപത്തിൽ ചിന്തിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട മിനിസ്റ്റർ, ഇത് വളരെ വിശദമായി അങ്ങ് പല പ്രാവശ്യം മറുപടി പറഞ്ഞതാണ്. ഇന്ന് അനൗദ്യോഗിക പ്രമേ

യങ്ങളുടെ ദിവസമാണ്. ഒരുപാട് വിഷയങ്ങൾ എടുക്കാനുണ്ട്. അതു കൊണ്ട് ബ്രീഫ് ആയി മറുപടി പറയുക.

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): സർ, സംസ്ഥാനത്ത് നെൽവയലുകളും തണ്ണീർത്തടങ്ങളും സംരക്ഷിക്കുന്നതിനും അവ പരിവർത്തനം ചെയ്യുന്നതിനും രൂപന്തരപ്പെടുത്തുന്നത് നിയന്ത്രിക്കുന്നതിനും കാർഷിക വളർച്ച പ്രോത്സാഹിപ്പിക്കുന്നതിനും പാരിസ്ഥിതിക വ്യവസ്ഥയുടെ സുസ്ഥിരത ഉറപ്പുവരുത്തുന്നതിനുമായാണ് 2008-ൽ നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമത്തിന് രൂപം നൽകിയത്. മേൽപ്പടി നിയമപ്രകാരം നെൽവയലുകളും തണ്ണീർത്തടങ്ങളും പരിവർത്തനം ചെയ്യുന്നത് തടയുന്നതിനായി എല്ലാ ജില്ലകളിലും പ്രാദേശികതല നിരീക്ഷണ സമിതികളും ജില്ലാ സമിതികളും രൂപീകരിച്ച് പ്രവർത്തിക്കുന്നുണ്ട്. നിയമത്തിലെ വ്യവസ്ഥകൾ കർശനമായി നടപ്പാക്കുന്നതിനായി വില്ലേജ് ഓഫീസറുടെ പദവിയിൽ താഴെയല്ലാത്ത റവന്യൂ ഉദ്യോഗസ്ഥരെ അധികാരപ്പെട്ട ഉദ്യോഗസ്ഥരായി നിയമിച്ചിട്ടുണ്ട്. മേൽപ്പടി നിയമപ്രകാരം തയ്യാറാക്കിയ ഡേറ്റാ ബാങ്കുകൾ പൂർണ്ണമായും കുറ്റമറ്റതാക്കുന്നതിനായി ഓരോ താലൂക്കിലേയും ഡെപ്യൂട്ടി തഹസീൽദാർ അല്ലെങ്കിൽ ജൂനിയർ സൂപ്രണ്ട് എന്നിവരുടെ നേതൃത്വത്തിൽ ടീമുകളെ നിശ്ചയിച്ച് വില്ലേജുകൾ വീതംവച്ച് നൽകുവാനും അവർ ഓരോ വില്ലേജിലേയും ഡേറ്റാ ബാങ്കിൽ ഉൾപ്പെട്ട മുഴുവൻ ഭൂമികളും പരിശോധിച്ച് കുറ്റമറ്റതാണെന്ന് ഉറപ്പുവരുത്തി 2012 സെപ്തംബർ മാസം 17

–ാം തീയതിക്കകം റിപ്പോർട്ട് നൽകുവാനും നിർദ്ദേശിച്ചിട്ടുണ്ട്. നിയമത്തിലെ 13–ാം വകുപ്പു പ്രകാരം ജില്ലാ കളക്ടർമാർ അനധികൃതമായി നികത്തപ്പെട്ട നെൽവയലുകൾ പൂർവ്വസ്ഥിതിയിലാക്കുവാൻ നടപടി സ്വീകരിച്ചുവരുന്നു. എല്ലാ ജില്ലയിലും നിലംനികത്തലിൽ ഏർപ്പെടുന്ന വാഹനങ്ങൾ പിടിച്ചെടുത്ത് പിഴ ഈടാക്കിവരുന്നുണ്ട്. 19–ാം വകുപ്പു പ്രകാരം പോലീസും നിലംനികത്തൽ തടയുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ശ്രീ. സി. കെ. നാണു രണ്ടുകാര്യങ്ങൾക്കാണ് നോട്ടീസ് തന്നിട്ടുള്ളത്. പക്ഷെ ഒരു കാര്യം മാത്രമേ അദ്ദേഹം ഇവിടെ അവതരിപ്പിച്ചിട്ടുള്ളൂ. അതുകൊണ്ട് അതിനുള്ള മറുപടിയാണ് ഞാനിവിടെ പറഞ്ഞത്.

ശ്രീ. സി. കെ. നാണു: സർ, ഇവിടെ വയലുകൾ നികത്തികൊണ്ടിരിക്കുന്നു, കുന്നുകൾ തകർത്തുകൊണ്ടിരിക്കുന്നു. ഇതിനെ ഫലപ്രദമായി നേരിടാൻ ബഹുമാനപ്പെട്ട മന്ത്രി എന്ത് നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്?

ശ്രീ. അടൂർ പ്രകാശ്: സർ, കർശനമായ നടപടികൾ ഇപ്പോൾ സ്വീകരിക്കുന്നുണ്ട്. ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. അനധികൃതമായി നിലം നികത്തൽ നടത്തിക്കൊണ്ടിരിക്കുന്നവർക്കെതിരെ ശക്തമായ നടപടി സ്വീകരിക്കുവാനും കേസ്സുകൾ രജിസ്റ്റർ ചെയ്യുവാനും നികത്തുന്നതിനുപയോഗിക്കുന്ന വാഹനങ്ങൾ കണ്ടുകെട്ടുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

**നദികളുടെ സംരക്ഷണം**

ഡോ: എൻ. ജയരാജ്: സർ, നദികളാൽ പരിപോഷിക്കപ്പെടുകയും നദികൾ പരിപോഷിക്കുകയും ചെയ്ത ഒരു നാടെന്ന ഖ്യാതി നമുക്കുണ്ടായിരുന്നു. ഈ നാടിന്റെ സംസ്കാരവും ജീവിതവും വളർന്നതും വികസിച്ചതും താരും തളിരുമൊക്കെയണിഞ്ഞതും ഈ നദീസാന്നിദ്ധ്യത്തിന്റെ മടിത്തൊട്ടിലിലാണ്. നമ്മുടെ കലയും സംസ്കാരവും സാഹിത്യവും നാടൻ കലാരൂപങ്ങളും ഐതീഹ്യങ്ങളും പഴമെരുമകളും ചരിത്രവുമൊക്കെ ഈ നദീതടങ്ങളുടെ ആത്മാവിൽ ആവാഹിച്ച അമൃതബിന്ദുക്കൾ തന്നെയാണ്. ഈ നദികളുടെ പ്രദക്ഷിണവഴികളിലൂടെ കടന്നുപോയ പഴയതലമുറയുടെ ഉച്ഛ്വാസവായുവിൽപ്പോലും അവയുടെ ആത്മഗന്ധത്തിന്റെ നനവുണ്ടാ യിരുന്നു. പക്ഷെ അവയൊക്കെ ഇന്ന് ഒരു ചരിത്രമായി മാറുകയും അത് ഓർമ്മകളുടെ തുരുത്തുകളായി മാറുകയും നമ്മുടെ നദികൾ ചരിത്രപാഠത്തിന്റെ ഭാഗമായി മാറിക്കൊണ്ടിരിക്കുകയും ചെയ്യുകയാണ്. യഥാർത്ഥത്തിൽ ഇന്ന് 44 നദികളും നശിച്ചുകൊണ്ടിരിക്കുകയാണ്. ഏതാണ്ട് 3 മീറ്ററോളം ജലം സുലഭമായി ലഭിക്കുന്ന ഒരു സംസ്ഥാനമായിരുന്നു കേരളം. പക്ഷെ ഇന്ന് ഈ നദികൾ യഥാർത്ഥിൽ മലിനീകരിക്കപ്പെടുകയും വളരെയേറെ കയ്യേറ്റം ചെയ്തുകൊണ്ട് നദികളുടെ വിസ്തൃതി കുറയുകയും ചെയ്യുന്ന ഒരു സാഹചര്യമാണ് നിലവിലുള്ളത്. അതോടൊപ്പംതന്നെ അനധികൃതമായ മണൽ ഖനനം. കേരളത്തിലെ നദികളുടെ നീരൊഴുക്ക് വേനൽക്കാലത്ത് വളരെയേറെ കുറയുകയാണ്. ഉദാഹരണത്തിന് മഴക്കാലത്ത് ഒരു സെക്കന്റിൽ ഏതാണ്ട് 1400

മുതൽ 2000 വരെ ക്യുമിക്സ് ജലം ഒഴുകുന്നുവെങ്കിൽ മഴക്കാലം കഴിയുമ്പോൾ അത് 4 മുതൽ 17 ക്യുമിക്സായി കുറയുന്നു. നീരൊഴുക്ക് കുറയുമ്പോൾ മാലിനങ്ങളെ തള്ളിനീക്കുവാനുള്ള പുഴയുടെ കഴിവ് കുറയുകയാണ്. നമ്മുടെ ആവാസ വ്യവസ്ഥയേയും പരിസ്ഥിതിയേയും ജീവന്റെ നിലനിൽപ്പിനെത്തന്നേയും നഷ്ടപ്പെടുത്തുന്ന ഈ പ്രവണത ഇന്ന് കണ്ടുവരുമ്പോൾ യാതൊരു മാനദണ്ഡങ്ങളുമില്ലാതെ മനുഷ്യന്റെ ദുരയും ക്രൂരതയും കാരണം ഈ നദികൾ നശിച്ചുകൊണ്ടിരിക്കുകയാണ്. നമ്മുടെ നദികൾ പലവിധത്തിലാണ് നശിക്കുന്നത്. പ്രധാനമായും വനനശീകരണം, മണൽ ഖനനം, മലിനീകരണം, കയ്യേറ്റം, നദിയുടെ സ്വാഭാവികമായ ഒഴുക്കിനെതിരെയുള്ള പ്രവർത്തനങ്ങൾ എന്നിവയാണ്. ഇതിൽ ഏറ്റവും ഗുരുതരമായി കാണേണ്ട വനനശീകരണം നാം ഇപ്പോഴും ഗൗരവമായി കാണുന്നില്ല. നമ്മുടെ പുഴയിലെ അധികൃതവും അനധികൃതവുമായ മണൽ ഖനനം നദികളെ നശിപ്പിച്ചുകൊണ്ടിരിക്കുകയാണ്. നദീതീര സംരക്ഷണത്തിനും മണൽവാരൽ നിയന്ത്രണത്തിനും നിയമമുണ്ടെങ്കിലും വ്യാപകമായി അത് ലംഘിക്കപ്പെടുന്നു. കേരള നദീതീര സംരക്ഷണ മണൽവാരൽ നിയന്ത്രണ ചട്ടങ്ങൾ പ്രാബല്യത്തിലുണ്ടെങ്കിലും പലപ്പോഴും നമ്മുടെ നാട്ടിൽ അത് ലംഘിക്കപ്പെടുന്നതായിട്ടാണ് കാണുന്നത്. അതുപോലെതന്നെയാണ് മലിനീകരണവും. രാജ്യത്തെ നദികളിൽ മാലിന്യതോത് അപകടകരമായി കൂടുന്നുവെന്നാണ് കേന്ദ്ര ജലകമ്മീഷന്റെ വിശകലനവും റിപ്പോർട്ടും. കേന്ദ്രമടക്കമുള്ള സംസ്ഥാനങ്ങളിലെ വിവിധ സ്ഥിതിവിവരക്കണക്കുകൾ സൂചിപ്പിക്കുന്നത് അതാണ്. നമ്മുടെ

പുഴകളിലെ ജീവവായു ആവശ്യ സൂചിക അനുവദിക്കപ്പെട്ട അളവിനെക്കാൾ കൂടുതലാണെന്ന് പഠനങ്ങൾ സൂചിപ്പിക്കുന്നു. ഒരു ലിറ്റർ വെള്ളത്തിൽ മൂന്ന് മില്ലീഗ്രാമാണ് ജീവവായു ആവശ്യത്തിന്റെ അടിസ്ഥാന സൂചികയെങ്കിൽ കേരളത്തിലെ നദികളിൽ ഇത് പലപ്പോഴും 7.30 മില്ലീഗ്രാം വരെ വർദ്ധിച്ചതായി കണ്ടെത്തിയിട്ടുണ്ട്. ചാലിയാർ പുഴയിൽ ഫ്ളൂറൈഡ് കൂടുതലാണെന്നും പല നദികളുടേയും പി.എച്ച്. മൂല്യം കൂടുതലാണെന്നും പഠനങ്ങൾ വ്യക്തമാക്കുന്നു. നഗരങ്ങളിലെ അഴുക്ക് ചാലുകൾ തുറന്നുവിടുന്നതും നദിയിലേയ്ക്കാണ്. ഫാക്ടറികളിലെ മാലിന്യവുമെല്ലാം ഒത്തുചേരുമ്പോൾ നമ്മുടെ പുഴകൾ മാലിന്യത്തിന്റെ കുപ്പത്തൊട്ടികളായി മാറുകയാണ്. ഇതുപോലെതന്നെയാണ് നദീതീരങ്ങളിലെ സംഘടിതമായ കയ്യേറ്റങ്ങളും. യഥാർത്ഥത്തിൽ 44 നദികളുടേയും കൃത്യമായ സർവ്വേ റിപ്പോർട്ട് നമ്മുടെ കൈവശമില്ല. ഏതാണ്ട് 6 നദികൾക്കുള്ള സർവ്വേ റിപ്പോർട്ടുകൾ ആർ.എം.ഒ. ഫണ്ട് ഉപയോഗിച്ച് സർവ്വേ മാപ്പുകൾ നടപ്പാക്കുന്നുണ്ടെങ്കിൽപ്പോലും മറ്റ് നദികളുടെ കാര്യത്തിൽ കാര്യമായിട്ടുള്ള പുരോഗതിയില്ല എന്നുള്ളതാണ് യാഥാർത്ഥ്യം. തീരങ്ങളുടെ അനധികൃതമായ നിർമ്മാണങ്ങൾ പലപ്പോഴും നമുക്ക് ശ്രദ്ധിക്കുവാനോ നിയന്ത്രിക്കുവാനോ കഴിയുന്നില്ല. ചുരുക്കത്തിൽ റിവർബാങ്ക് മാപ്പിംഗോ സാന്റ് മൈനിംഗിന്റെ സർവ്വേയോ മൈനിംഗ് ഡെപ്തിനെ സംബന്ധിച്ച വ്യക്തമായ ധാരണകളോ നമുക്കില്ല. സാന്റ് ഓഡിറ്റിംഗ് നടത്തി എത്ര മണൽ നഷ്ടപ്പെട്ടു, എത്രകാലത്തേയ്ക്ക്

ഹോളിഡേ കൊടുക്കാമെന്നതിനെ സംബന്ധിച്ചുള്ള കൃത്യമായ കണക്കുകളും സത്യത്തിൽ ഗവൺമെന്റിന്റെ കയ്യിലില്ല എന്നുള്ളതാണ് യാഥാർത്ഥ്യം. ഈ സാഹചര്യത്തിൽ നമ്മുടെ പുഴകളെ സംരക്ഷിക്കുവാൻ റവന്യൂ ഡിപ്പാർട്ടുമെന്റും പോലീസ് ഡിപ്പാർട്ടുമെന്റും ഇറിഗേഷൻ ഡിപ്പാർട്ടുമെന്റുമൊക്കെ ഉണ്ടെങ്കിൽപ്പോലും ഇവർക്കൊരിക്കലും സംയുക്തമായി ഇത് നടപ്പാക്കാൻ കഴിയാത്ത സാഹചര്യത്തിൽ.. . . ....... പലപ്പോഴും റവന്യൂ ഉദ്യോഗസ്ഥർ അല്ലെങ്കിൽ നിലവിലുള്ള വില്ലേജ് ഓഫീസർമാർ 5 മണിയാകുമ്പോൾ വീട്ടിലേയ്ക്ക് പോകും. രാത്രിയാണ് മണൽകൊള്ളക്കാർ പലപ്പോഴും നദികളിലേയ്ക്ക് കടന്നുവരുന്നത്. അതുപോലെതന്നെ പോലീസിന് ക്രമസമാധാനപാലനത്തിനിടയിൽ പലപ്പോഴും അവർക്ക് ഇക്കാര്യങ്ങൾ ശ്രദ്ധിക്കാൻ കഴിയുന്നില്ല. അതുകൊണ്ട് മണൽമാഫിയ ഉൾപ്പെടെയുള്ള ഈ സംവിധാനത്തെ തകർക്കുവാനും അതോടൊപ്പംതന്നെ നമ്മുടെ നദികളെ സംരക്ഷിക്കുവാനും തീർച്ചയായും റവന്യൂ ഡിപ്പാർട്ടുമെന്റിന്റേയും പോലീസ് ഡിപ്പാർട്ടുമെന്റിന്റേയും ഇറിഗേഷൻ ഡിപ്പാർട്ടുമെന്റിന്റേയും സംയുക്തമായ ആഭിമുഖ്യത്തിൽ ഒരു റിവർ പ്രൊട്ടക്ഷൻ ഫോഴ്സ് കേരളത്തിൽ രൂപീകരിക്കണമെന്നാണ് എന്റെ വിനീതമായ അഭിപ്രായം. 19-ാം നൂറ്റാണ്ടിലെ വ്യാവസായിക വിപ്ളവത്തെ തുടർന്ന് തകർന്നുപോയ യൂറോപ്പിന്റെ മാലിന്യത്തോടായി മാറിയ റൈൻ നദി വീണ്ടും ഒഴുകി തുടങ്ങുകയാണ്. അതിനെ യൂറോപ്പ് വളരെയേറെ സന്തോഷത്തോടെയാണ് കാണുന്നത്. കേരളത്തിൽ നഷ്ടപ്പെട്ടുപോകുന്ന നിള ഉൾപ്പെടെയുള്ള നദികളെ പുന:സൃഷ്ടിക്കുവാനുള്ള

പ്രവർത്തനത്തിന് ഈ ഗവൺമെന്റ് വളരെയേറെ ഗൗരവമായ പരിഗണന കൊടുക്കുന്നുണ്ട് എന്നെനിക്കറിയാം. എങ്കിൽപ്പോലും ഒരു റിവർ പ്രൊട്ട ക്ഷൻ ഫോഴ്സ് എത്രയും പെട്ടെന്ന് നടപ്പാക്കുവാനുള്ള നടപടികൾ സ്വീ കരിക്കണമെന്നുള്ളതാണ് എന്റെ ഈ ശ്രദ്ധക്ഷണിക്കൽ.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്): സർ, ഡോ. എൻ. ജയരാജ് വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ് ഇവിടെ അവതരിപ്പിച്ചത്. 44 നദികളേയും നമുക്ക് സംരക്ഷിക്കേണ്ടിയിരിക്കുന്നു. അതിന് ഏറ്റവും ഭീഷണിയായി വന്നിരിക്കുന്നത് മണൽ വാരൽ തന്നെയാണ്. മണലിന് പകരമായിട്ടുള്ള വസ്തുക്കൾ ഉപയോഗിക്കാനുള്ള ഒരു കാലാവസ്ഥ യുണ്ടാകണം. എം-സാൻഡ് പ്രായോഗികമായിട്ടുള്ള ഒന്നാണ്. ഞാൻ പി.ഡബ്ല്യു.ഡി. മന്ത്രിയായിരിക്കുമ്പോൾ ഇക്കാര്യം വളരെയധികം പ്രയോ ഗത്തിൽ വരുത്തിയതാണ്. മണൽ വാരൽ എങ്ങനെ അനുവദിച്ചാലും അതെല്ലാം പ്രശ്നങ്ങൾ സൃഷ്ടിക്കും. കേരളത്തിലെ 44 നദികളിലെ അനധികൃത മണലൂറ്റും പുഴകളുടെ തീരങ്ങളിലെ കയ്യേറ്റവും തടയുന്ന തിന് റവന്യൂ വകുപ്പിന്റെ നേതൃത്വത്തിൽ റിവർ മാപ്പിംഗ് ചെയ്തു വരുന്നു. റവന്യൂ സെക്രട്ടറി ചെയർമാനായ ഉന്നതാധികാര സമിതിയാണ് ഇതിന് മേൽനോട്ടം വഹിക്കുന്നത്. നദികളുടെ ഇരുകരകളുടെയും സംരക്ഷണം ജലസേചന വകുപ്പാണ് ചെയ്യുന്നത്. ജലസേചന വകുപ്പിന്റെ ഫണ്ടിന്റെ ലഭ്യതയനുസരിച്ചും മുൻഗണനാക്രമത്തിലും റവന്യൂ വകുപ്പിലെ റിവർ മാനേജ്മെന്റ് ഫണ്ടും ഉപയോഗിച്ചും ഇത് ചെയ്തു വരുന്നു. കേരള ത്തിലെ നദികളിലേയും മറ്റു ജലാശയങ്ങളുടേയും മലിനീകരണം തടയു

ന്നതിനായി ജലമലിനീകരണ നിയന്ത്രണ നിവാരണ നിയമം 1974-ലും അനുബന്ധ ചട്ടങ്ങളും സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് വഴി നടപ്പിലാക്കി വരുന്നു. വ്യവസായ സ്ഥാപനങ്ങൾ, ആശുപത്രികൾ, പാർപ്പിട സമുച്ചയങ്ങൾ, വലിയ ഹോട്ടലുകൾ, റിസോർട്ടുകൾ എന്നിവ പുറത്തുവിടുന്ന മാലിന്യങ്ങൾ നിമിത്തം ജലസ്രോതസ്സുകൾ മലിനപ്പെടാതിരിക്കാൻ നടപടികൾ ബോർഡ് കൈക്കൊണ്ടു വരുന്നു. ഈ സ്ഥാപനങ്ങളിൽ നിന്ന് പുറന്തള്ളുന്ന മാലിന്യങ്ങൾക്ക് പരിധി നിശ്ചയിക്കുക, ശുചീകരണ സ്ഥാപനങ്ങൾ ഏർപ്പെടുത്തുക, ശുചീകരണ സംവിധാനങ്ങളുടെ പര്യാപ്തതയും പ്രവർത്തനവും പരിശോധനയിലൂടെ ഉറപ്പുവരുത്തുക, ബോർഡിന്റെ അനുമതിപത്രം എടുപ്പിക്കുക തുടങ്ങിയ നടപടികൾ ഇക്കാര്യത്തിൽ ബോർഡ് സ്വീകരിച്ചുവരുന്നു. ബോർഡിന്റെ നിബന്ധനകൾ പാലിക്കുന്നതിൽ ആവർത്തിച്ച് വീഴ്ചവരുത്തുന്ന വ്യവസായ സ്ഥാപനങ്ങൾ, ആശുപത്രികൾ, മറ്റു സ്ഥാപനങ്ങൾ എന്നിവ അടച്ചു പൂട്ടുകയോ പ്രവർത്തനം പരിമിതപ്പെടുത്തുകയോ അവയ്ക്കെതിരെ നിയമനടപടികൾ സ്വീകരിക്കുകയോ ചെയ്തു വരുന്നു. നദികളുടേയും തണ്ണീർത്തടങ്ങളുടേയും സംരക്ഷണം ഉറപ്പുവരുത്തുന്നതിനായി സമഗ്രമായ പദ്ധതികൾ ആവിഷ്ക്കരിച്ചു നടപ്പാക്കുന്നതിനുവേണ്ടി റിവർ ബേസിൻ ബോർഡും വെറ്റ്ലാന്റ് ഡെവലപ്മെന്റ് ബോർഡും സ്റ്റേറ്റ് റിവർ ആന്റ് വെറ്റ് ലാന്റ് അതോറിറ്റിയും രൂപീകരിക്കാനുള്ള വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ കേരള ജലസേചന സംരക്ഷണ ഭേദഗതി ബില്ലിൽ പ്രതിപാദിക്കുന്നുണ്ട്. പ്രസ്തുത ബിൽ നിയമസഭയിൽ അവതരിപ്പിക്കുന്നതിനുള്ള നടപടികൾ

സ്വീകരിച്ചു വരുന്നു. ഇതിനുവേണ്ട നിയമ പ്രാബല്യം ലഭിക്കുന്ന മുറയ്ക്ക് മേൽപരാമർശ അതോറിറ്റികൾ രൂപീകരിച്ച് ജലസ്രോതസ്സുകളുടെ സംരക്ഷണം ഉറപ്പുവരുത്താനാകും. റിവർ പ്രൊട്ടക്ഷൻ ഫോഴ്സ് വേണമെന്നുള്ളത് പ്രധാനമായും മണൽ വാരലിനെ സംബന്ധിച്ചുള്ളതാണ്. അത് വളരെ അത്യാവശ്യമായിട്ടുള്ള ഒരു കാര്യമാണ്. അക്കാര്യത്തിൽ തീർച്ചയായും ബന്ധപ്പെട്ട വകുപ്പുകളുമായി ആലോചിച്ച് നടപടികൾ സ്വീകരിക്കുന്നതാണ്.

ഡോ. എൻ. ജയരാജ് : സർ, റിവർ പ്രൊട്ടക്ഷൻ ഫോഴ്സ് കൊണ്ടുവരുമെന്ന് അങ്ങ് സൂചിപ്പിക്കുകയുണ്ടായി. യഥാർത്ഥത്തിൽ ഇതിന് പുതിയ നിയമനിർമ്മാണം ആവശ്യമുണ്ടോ? ഉണ്ടെങ്കിൽ അടുത്ത നിയമസഭാ സമ്മേളനത്തിലെങ്കിലും അതിനാവശ്യമായ നടപടികൾ കൈക്കൊള്ളുമോ?

ശ്രീ. പി. ജെ. ജോസഫ്: സർ, നദീജലങ്ങൾ സംരക്ഷിക്കുവാനായിട്ടുള്ള നിയമം കൊണ്ടുവരുന്നതാണ്. ആ നിയമത്തിൽ റിവർ പ്രൊട്ടക്ഷൻ ഫോഴ്സ് സംബന്ധിച്ച വകുപ്പുകളും ഉൾപ്പെടുത്താൻ സാധിക്കുമോ എന്ന് ആലോചിക്കും.